സംസ്ഥാനത്തുള്ള കേന്ദ്ര വ്യവസായ സംരക്ഷണ സേനാംഗങ്ങളും (സി. ഐ. എസ്. എഫ്.) പരേഡ്, കിറ്റ് ക്ലീനിംഗ് മുതലായ റെജിമെൻറൽ ഡ്യൂട്ടികളും ബഹിഷ്ക്കരിച്ചുകൊണ്ടുള്ള ഒരു സമരത്തിലേർപ്പെട്ടിരിക്കുകയാണ്.

ഈ സമരങ്ങൾക്ക് കാരണമായി ഉന്നയിച്ചിരുന്ന പ്രശ്നങ്ങളോട് പല രാഷ്ട്രീയ പാർട്ടികളും അനുഭാവം രേഖപ്പെടുത്തിയിരുന്നതായി അറിയാം.

ഇടക്കാല തിരഞ്ഞെടുപ്പ്

136 [194] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒഴിവുള്ള അസംബ്ലി സ്ഥാനങ്ങളിലേക്കുള്ള ഇടക്കാല തിരഞ്ഞെടുപ്പ് എന്നു നടത്താനാണ് ഉദ്ദേശിക്കുന്നത്;

(ബി) പാർലമെൻറ് തിരഞ്ഞെടുപ്പിനോടൊപ്പം ഇത് നടത്തുമോ?

ഉത്തരം

(എ) ആൻഡ് (ബി) തിരഞ്ഞെടുപ്പ് എന്നു നടത്തണമെന്നു തീരുമാനിക്കേണ്ടത് ഇലക്ഷൻ കമ്മീഷനാണ്. കമ്മീഷൻറെ തീരുമാനം ഇതുവരെ സംസ്ഥാന ഗവൺമെൻറിനെ അറിയിച്ചിട്ടില്ല.

പ്രമോഷനിൽ റിസർവേഷൻ

137 [195] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമോഷനിലും റിസർവേഷൻ നടപ്പാക്കണമെന്ന് കേന്ദ്ര ഗവൺമെൻറ് പല തവണ കേരളത്തോട് ആവശ്യപ്പെട്ടിട്ടും എന്തുകൊണ്ടാണ് അത് കേരളത്തിൽ നടപ്പാക്കാതിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇനിയെങ്കിലും കേരളത്തിൽ പ്രമോഷനിൽ റിസർവേഷൻ ഏർപ്പെടുത്തുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) കേന്ദ്രസർക്കാർ സർവ്വീസുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതുപോലെ ഉദ്യോഗക്കയറ്റത്തിനും സംവരണ തത്വം ബാധകമാക്കുന്ന കാര്യം ഗവൺമെൻറ് വിശദമായി പരിശോധിച്ചശേഷം പട്ടികജാതി—പട്ടികവർഗ്ഗക്കാർക്ക് സർക്കാർ സർവ്വീസിലെ ഗസറ്റഡ് ഉദ്യോഗങ്ങളടക്കമുള്ള വിവിധ തസ്തികകളിൽ മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തുവാൻ വേണ്ടി നടപ്പാക്കിയ സ്പെഷ്യൽ റിക്രൂട്ട്മെൻറ് സ്കീം, സെലക്ഷൻ തസ്തികകളിലേക്കുള്ള ഉദ്ദ്യോഗക്കയറ്റത്തിന് ഉദാരമായ വ്യവസ്ഥകൾ എന്നീ പ്രത്യേകാനുകൂല്യങ്ങൾ ഇവിടെ നിലവിലുള്ളതിനാൽ ഉദ്യോഗക്കയറ്റത്തിന് പട്ടികജാതി—പട്ടികവർഗ്ഗക്കാരായ ഉദ്യോഗസ്ഥൻമാർക്ക് പ്രത്യേകം സംവരണം ഏർപ്പെടുത്തേണ്ടതില്ല എന്നാണ് തീരുമാനിച്ചിരിക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly